# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി

**26.09.2012-ൽ കൂടിയ കോ-ഓർഡിനേഷൻ സമിതിയുടെ യോഗ നടപടിക്കുറിപ്പ്:-**

യോഗം രാവിലെ 8-ന് ചീഫ് മിനിസ്റ്റേഴ്സ് കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട ഗ്രാമവികസന, നഗരകാര്യ പഞ്ചായത്ത് വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ആരംഭിച്ചു

1. **23.08.2012-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.**
2. **പൊതു വിഷയങ്ങൾ**
3. **പ്രത്യേക വിഷയങ്ങൾ**

**3.1 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി - ആസൂത്രണ മാർഗരേഖ - ആശ്രയ പദ്ധതി നടപ്പാക്കുന്നതിനുള്ള ചലഞ്ച് ഫണ്ട് - ഭേദഗതി (ഫയൽ നം.53574/ഡി.എ.1/12)**

ആസൂത്രണ മാർഗരേഖയുടെ അനുബന്ധം 14-ൽ അവസാന ഇനത്തിൽ ആശ്രയ പദ്ധതിക്ക് ചലഞ്ച് ഫണ്ടായി നൽകുന്ന തുക 15 ലക്ഷം രൂപ എന്ന് കൊടുത്തിരുന്നെങ്കിലും, 16.06.2012-ലെ സ.ഉ.(കൈ) 170/12/തസ്വഭവ പ്രകാരം 15 ലക്ഷം രൂപ 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും, നിലവിലുള്ള പ്രോജക്ടുകളുടെ തുടർ സേവനത്തിനായി 5 ലക്ഷം രൂപ വരെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിന് ചലഞ്ച് ഫണ്ടായി കുടുംബശ്രീയിൽ നിന്നും അനുവദിക്കുന്ന തുക പ്രോജക്ടുകളുടെ 40% എന്ന പരിധിക്കു വിധേയമായി 25 ലക്ഷം രൂപയായും തുടർ സേവനത്തിന് 5 ലക്ഷം രൂപയായും നിശ്ചയിച്ച് മാർഗരേഖയിൽ ഭേദഗതി വരുത്തണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചത് അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖ - വിശദീകരണങ്ങൾ (കില ഡയറക്ടറുടെ 08.09.2012-ലെ എച്ച്.ഡി/10/2012 നമ്പർ കത്ത്)**

സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ ചില ഇനങ്ങളെക്കുറിച്ച് കരട് വിശദീകരണങ്ങളും നിർദ്ദേശങ്ങളും 'കില' ഡയറക്ടർ സമർപ്പിച്ചത് ചർച്ച ചെയ്ത് അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എച്ച്.ഐ.വി/എയ്ഡ്സ് നയവും മാർഗരേഖയും (ഫയൽ നം. 3679/ഐ.ബി.2/12)

കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി ചർച്ച ചെയ്ത് കില തയ്യാറാക്കി സമർപ്പിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള എച്ച്.ഐ.വി/എയ്ഡ്സ് കരട് നയവും മാർഗരേഖയും ചർച്ച ചെയ്യുകയും മാർഗരേഖയും, നയരേഖയിലെ ഖണ്ഡിക 8.6.1 (vii), 8.8 എന്നിവയിലെ നിർദ്ദേശങ്ങൾ ഒഴികെയുള്ള നയരേഖയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ഖണ്ഡികകളെ സംബന്ധിച്ച അഭിപ്രായം ധനകാര്യ വകുപ്പിൽ സർക്കുലേറ്റ് ചെയ്ത് അറിയിച്ചശേഷം തീരുമാനിക്കുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം.12690/എഫ്.എം.2012)

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡുകൾ ടാറിംഗ് ചെയ്യുന്നതിന് പകരം കോൺക്രീറ്റ് ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നത് ചർച്ച ചെയ്യുകയും, മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 തൃക്കടവൂർ ഗ്രാമപഞ്ചായത്ത് ഫയൽ നം. 64316/ എഫ്.എം.3/2011/തസ്വഭവ

കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 362 പട്ടികജാതി കുടുംബങ്ങൾക്ക് 3104334/- രൂപ ചെലവിൽ കുടിവെള്ള വിതരണ പ്രോജക്ട് നടപ്പിലാക്കാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.6 വടവുകോട് ബ്ലോക്ക്പഞ്ചായത്ത് ഫയൽ നം. 51793/ഡി.ഡി2/2012/തസ്വഭവ

**(ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ കുറിപ്പ്)**

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് പ്രത്യേകാനുമതി നൽകണമെന്ന ആവശ്യത്തിൻമേൽ പുതുക്കിയ ആസൂത്രണ മാർഗരേഖ പ്രകാരം [ജി.ഒ.(എം.എസ്) നം.225/12/തസ്വഭവ തീയതി 18.08.2012 - അനുബന്ധം-1, ഖണ്ഡിക 7(iii)] എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണെന്ന വസ്തുത വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പട്ടികവർഗ കോളനികളിലെ റോഡ് നിർമ്മാണം (ഫയൽനം. 50500/ഡി.എ1/2012) ബഹു. പട്ടികവർഗക്ഷേമവും യുവജനക്ഷേമവും വകുപ്പ് മന്ത്രിയുടെ കുറിപ്പ്**

51% ഫീസിബിലിറ്റിയുള്ള ട്രൈബൽ കോളനികളിലേയ്ക്ക് ആവശ്യാനുസരണം റോഡ് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ 10% വിഹിതവും, ബ്ലോക്ക് പഞ്ചായത്തിന്റെ 20% വും, ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ 25% വും ഉപയോഗിക്കണമെന്നുള്ള നിർദ്ദേശം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടർ, ട്രൈബൽ ഡയറക്ടർ, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ എന്നിവരടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 നെടുമങ്ങാട് നഗരസഭ ഫയൽ നം. 52249/ഡി.സി.3/2012/തസ്വഭവ**

2011-12 വാർഷിക പദ്ധതിയിലെ 53 മരാമത്ത് പ്രവൃത്തികൾ മാർച്ച് 31-നു മുൻപ് പൂർത്തീകരിക്കാത്തതിനാൽ അതിനുശേഷം നിർവഹണം നടത്തിയതുമായി ബന്ധപ്പെട്ടതും ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ളിൽ വരുന്നതുമായ 60 ലക്ഷം രൂപ നഗരസഭാ തനതുഫണ്ടിൽ നിന്നും താൽക്കാലികമായി പലിശ രഹിത വായ്പയായി കരാറുകാർക്ക് നൽകാൻ അനുമതി അഭ്യർത്ഥിച്ചിരിക്കുന്നത് ചർച്ച ചെയ്ത് അപേക്ഷ വിശദമായി പരിശോധിച്ച് ശുപാർശ സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മഞ്ചേരി നഗരസഭ ഫയൽ നം. 49219/ഡി.സി.3/2012/തസ്വഭവ**

തെരുവു വിളക്കുകളുടെ വാർഷിക മെയിന്റൻസിനായി നാലു പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസുള്ള ആരും ടെണ്ടറിൽ പങ്കെടുക്കാത്തതിനാൽ നിലവിൽ ലൈസൻസ് ഇല്ലാത്തതും എന്നാൽ ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളതുമായ ആളുമായി കരാർ വച്ച് പ്രവൃത്തി ചെയ്യിച്ച നടപടിക്ക് സാധൂകരണത്തിനായി അപേക്ഷിച്ചിരിക്കുന്നത് ചർച്ച ചെയ്യുകയും, കരാർ നൽകിയത് ക്വാളിഫൈഡായ എഞ്ചിനീയർക്കോ ഡിപ്ലോമ ഹോൾഡർക്കോ ആണോ എന്ന വിവരം ലഭ്യമാക്കാനും, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് വാങ്ങാനും നിർദ്ദേശിച്ചു. വിശദ വിവരങ്ങൾ ലഭ്യമാക്കി അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്  ഫയൽ നം. 52759/ഡി.ബി.3/2012/തസ്വഭവ**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനം ഏതോ സാമൂഹ്യ വിരുദ്ധർ  അഗ്നിക്കിരയാക്കി ഉപയോഗശ്യൂന്യമായതിനാൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നടപടിക്രമങ്ങളിൽ  ഇളവു വരുത്തി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യത്തിനായി വാഹനം വാങ്ങാൻ, ഉയർന്ന  പരിധി 10 ലക്ഷം രൂപ എന്നതിനു വിധേയമായി അനുമതി നൽകി. അതേസമയം തന്നെ ഉപയോഗശൂന്യമായ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ തുടരേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തൃശൂർ ജില്ലാ കളക്ടർ – മഴപ്പൊലിമ പദ്ധതി**

**ഫയൽ നം. 50178/എഫ്.എം.3/2012/തസ്വഭവ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ  തൃശൂർ ജില്ലാ കളക്ടർ ചെയർമാനായി  നടപ്പാക്കുന്ന ഭൂജല പരിപോഷണ (റീ ചാർജ്) പദ്ധതിയായ മഴപ്പൊലിമയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും ഡി.പി.സി.യുടെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 വടകര നഗരസഭ (ഫയൽ നം. 43926/ഡി.സി.3/12)**

വടകര നഗരസഭയിൽ സ്ഥിതി ചെയ്യുന്നതും തുറമുഖ വകുപ്പിന്റെ കീഴിലുള്ളതുമായ കസ്റ്റംസ് റോഡിന്റെ  സംരക്ഷണ പ്രവൃത്തികൾ ചെയ്തതിന് സാധൂകരണം തേടിക്കൊണ്ടുള്ള അപേക്ഷ ഓഡിറ്റ് തടസ്സം സംബന്ധിച്ച വിഷയമായതിനാൽ വകുപ്പ് തലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തൃശൂർ കോർപ്പറേഷൻ (ഫയൽ നം. 48663/ഡി.സി.3/12)**

കോർപ്പറേഷന്റെ 2011-12 വർഷത്തെ ജനകീയാസൂത്രണ പദ്ധതി  പ്രവർത്തനങ്ങളിൽ ഭൂരഹിത-ഭവന രഹിത പട്ടികജാതി ഗുണഭോക്താക്കൾക്കായുള്ള ഭവന നിർമ്മാണ പദ്ധതിക്ക്  കൂടുതലായി വേണ്ടി വന്ന 16350000 രൂപ  മറ്റ് 11 പ്രോജക്ടുകളിൽ  നിന്നായി കണ്ടെത്തി  ചെലവഴിച്ചതിന് അംഗീകാരത്തിന് ഡി.പി.സിയിൽ സമർപ്പിച്ചിട്ടുള്ളതിൽ ഡി.പി.സി.യുടെ അഭിപ്രായം ലഭ്യമാക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 തൃക്കടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 34154/ഡി.ഡി.2/12)**

തൃക്കടവൂർ ഗ്രാമപഞ്ചായത്ത് സർക്കാർ നിർദ്ദേശിച്ചതു പ്രകാരം തയ്യാറാക്കിയ നീർത്തട വികസന മാസ്റ്റർ പ്ലാനും കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിന്റെ സഹായത്തോടെ തയ്യാറാക്കിയ നീർത്തട വികസന മാസ്റ്റർ പ്ലാനും ഒന്നുതന്നെയാണോ എന്നും, കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിനെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ എൽപ്പിച്ചത് സർക്കാർ അനുമതിയോടെയാണോ എന്നും, അതിന് ചെലവായ തുക എത്രയാണ് എന്നും, 14250 വീടുകൾ ഉള്ളതിൽ 1200 മാത്രം ഉൾപ്പെടുത്തുകയും ബാക്കി ഒഴിവാക്കപ്പെടുകയും ചെയ്തത് എന്തുകൊണ്ടാണെന്നും മറ്റുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പെരുമണ്ണ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 36739/ഡി.ബി3/12)**

ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജീപ്പ് ദീർഘദൂര ഓട്ടത്തിന് ഉപയുക്തമല്ലാത്ത തിനാൽ അത് പഞ്ചായത്തിന്റെ തന്നെ ബഡ്സ് സ്കൂളിന് ഉപയോഗിക്കാമെന്ന വ്യവസ്ഥയിൽ തനതുഫണ്ടിൽ നിന്ന് 8 ലക്ഷം രൂപ ചെലവിട്ട്, മഹേന്ദ്രാ സ്കോർപിയോ വാഹനം വാങ്ങുന്നതിന് അനുമതിക്ക് അപേക്ഷിച്ചിരിക്കുന്നത് ഡിപ്പാർട്ട്മെന്റ് തലത്തിൽ തീരുമാനമെടുക്കാൻനിർദ്ദേശിച്ചു.

. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ – വിവിധ ആവശ്യങ്ങൾ (ഫയൽനം.48258/ഡി.ബി.3/12)**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ സമർപ്പിച്ചിരിക്കുന്ന നിവേദനത്തിലെ വിവിധ ആവശ്യങ്ങൾ ബഹു പഞ്ചായത്ത് വകുപ്പുമന്ത്രിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ പ്രതിനിധികളുമായി ചർച്ച ചെയ്യാൻ നിശ്ചയിച്ചു.

.(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 സമ്പൂർണ്ണ വൈദ്യുതീകരണം – കാസറഗോഡ് അസംബ്ലി നിയോജകമണ്ഡലം (ബഹു. കാസറഗോഡ് എം.എൽ.എ ശ്രീ. എൻ.എ നെല്ലിക്കുന്ന് ബഹു. ഗ്രാമവികസന വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്ത്)**

സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കെ.എസ്.ഇ.ബി. തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ബെല്ലൂർ ഗ്രാമപഞ്ചായത്ത് 10,93,033 രൂപയും മുളിയാർ പഞ്ചായത്ത് 14,586 രൂപയും കുമ്പടാജെ പഞ്ചായത്ത് നേരത്തെ അടച്ചതിന്റെ ബാക്കി 1,37,263 രൂപയും അടയ്ക്കുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3.18 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന്റെ നിവേദനം

**(ഫയൽ നം.56135/ഡി.ഡി.1/12)**

കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സമർപ്പിച്ച വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്ത് അനുപൂരക പോഷക പരിപാടിക്ക് വിഹിതം മാറ്റി വയ്ക്കുന്നതിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തുകളെ ഒഴിവാക്കാൻ തീരുമാനിച്ചു. ഐ.എ.വൈ.യുടെ അധിക ബാദ്ധ്യത പരിഹരിക്കുന്നതിന് പട്ടികജാതി പട്ടിക വർഗ വകുപ്പിൽ നിന്ന് സാമ്പത്തിക സാഹായം ലഭ്യമാക്കുക, മുൻ സാമ്പത്തിക വർഷത്തെ ഐ.എ.വൈയുടെ അധിക സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് ഇ.എം.എസ്. ഭവന പദ്ധതി മാതൃകയിൽ സർക്കാർ ഗാരണ്ടിയോടെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് അനുവാദം നൽകുക എന്നീ ആവശ്യങ്ങൾ ധനകാര്യവകുപ്പ് അടിയന്തിരമായി പരിശോധിച്ച് അടുത്ത മന്ത്രിസഭായോഗത്തിന് സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു. ഉന്നതമായ ഒരു സമിതി എന്ന നിലയിൽ വളരെ പെട്ടെന്ന് തീരുമാനങ്ങൾ കൈകൊണ്ട് നടപ്പിലാക്കുകയാണ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കർത്തവ്യമെന്നും സെക്രട്ടറിതലത്തിലുള്ളവർ അതിൽ പങ്കെടുക്കാതെ ധനകാര്യവകുപ്പിൽ ഫയൽ സർക്കുലേറ്റ് ചെയ്യുന്നത് കാലതാമസം വരുത്തുമെന്നും യോഗം നിരീക്ഷിച്ചു. ഇതു നിരുത്സാഹപ്പെടുത്തേണ്ടതിനാൽ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ എല്ലാ അംഗങ്ങളും നിർബന്ധമായും പങ്കെടുക്കുന്നതിന് നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിക്ക് ബഹു. മന്ത്രിമാർ ചേർന്ന് കുറിപ്പു നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3.19 കേരളോത്സവം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം

**(ഫയൽ നം.56719/എഫ്.എം.2/12)**

കേരളോത്സവം സംഘടിപ്പിക്കുന്നതിന് 24.09.2012-ലെ സ.ഉ.(സാധാ)നം.2673/12 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി തുക പ്ലാൻ ഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 50,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | - | 1 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി | - | 1 ലക്ഷം രൂപ |
| കോർപ്പറേഷൻ | - | 1,20,00 രൂപ |
| ജില്ലാ പഞ്ചായത്ത് | - | 2 ലക്ഷം രൂപ |

**3.20 വയനാട് ജില്ലാ പഞ്ചായത്ത് (ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.09.2012-ലെ അപേക്ഷ)**

2012-13 വാർഷിക പദ്ധതിയിൽ വികസനഫണ്ട് ഇനത്തിൽ ലഭ്യമാകുന്ന തുകയുടെ 89% ഷോർട്ട്ഫാൾ ആയതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 9.30 am-ന് അവസാനിച്ചു.)